(ഡി) സ്വകാര്യമേഖലയിൽ സ്കൂൾ അനുവദിച്ചതുകൊണ്ട് ഏതെങ്കിലും ഗവൺമെൻറ് സ്കൂളുകൾ നിർത്തലാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) മുൻ ഗവൺമെൻറുകളുടെ കാലത്ത് സ്ഥല നിർണ്ണയം നടത്തിയിരുന്നതിൽ നിന്നും 331 എയിഡഡ് സ്ക്കൂളുകളും പ്രസിഡൻറ് ഭരണകാലത്ത് സ്ഥലനിർണ്ണയം നടത്തിയ 153 സ്ഥലങ്ങളിൽ നിന്നും 119 ഉൾപ്പെടെ 293 അൺഎയിഡഡ് സ്ക്കൂളുകളും 114 ഗവൺമെൻറ് സ്കൂളുകളും ഉൾപ്പെടെ 738 സ്കൂളുകൾ ഈ ഗവൺമെൻറിൻെറ അധികാരത്തിൽ വന്നശേഷം അനുവദിച്ചിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

അടുത്ത അദ്ധ്യയന വർഷത്തിൽ നിർത്തലാക്കേണ്ടിവരുന്ന സ്ക്കൂളുകൾ

92. [142] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ സ്വകാര്യമേഖലകളിൽ സ്ക്കൂളുകൾ അടച്ചുപൂട്ടേണ്ടതായി വരുമോ ; എങ്കിൽ എത്ര ;

(ബി) ഈ സ്ക്കൂളുകൾ അടച്ചുപൂട്ടാൻ കാരണമെന്താണ് ;

(സി) ഇതുമൂലം എത്ര അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെട്ടു ;

(ഡി) തൊഴിൽ നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് മറ്റു വിധത്തിൽ സർവ്വീസിൽ തുടരാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ സ്വകാര്യ മേഖലകളിൽ സ്ക്കൂളുകളൊന്നും അടച്ചുപൂട്ടാൻ ഇപ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

പൊതുമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

93. [143] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു വർഷത്തിൽ പൊതുമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അൺ എക്നോമിക് എന്ന കാരണത്താൽ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly